# എൻറോൺ വീണ്ടും തെരഞ്ഞെടുപ്പ് വിഷയമാകും

മഹാരാഷ്ട്രയിലെ ധാബോളിൽ എൻറോൺ കമ്പനിക്ക് താപനിലയം നിർമിക്കാനുള്ള അനുവാദം നല്കിയത് മഹാരാഷ്ട്രയിലെ ശരദ് പവാറിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് മന്ത്രിസഭയായിരുന്നു. അന്ന് പ്രതിപക്ഷത്തായിരുന്ന ബി.ജെ.പി. – ശിവസേനാ സഖ്യം എൻറോൺ നിലയത്തെ നഖശിഖാന്തം എതിർക്കുകയും പവാർ ഗവൺമെന്റ് എൻറോൺ കമ്പനിയിൽനിന്ന് കോടികൾ കൈക്കൂലി വാങ്ങിയാണ് ജനങ്ങൾക്കും സംസ്ഥാനത്തിനും ദ്രോഹകരമായ ഈ പദ്ധതിക്ക് അനുമതി നല്കിയതെന്ന് കോലാഹലം കൂട്ടുകയും ചെയ്തു. 1995 ലെ നിയമസഭാ തെരഞ്ഞെടുപ്പ് കാലത്ത് എൻറോൺ ഒരു പ്രധാന വിഷയമായിരുന്നു.

1995–ലെ തെരഞ്ഞെടുപ്പിൽ പവാറിനെ പുറത്താക്കി ബി.ജെ.പി.– ശിവസേനാ സഖ്യം അധികാരത്തിൽ വന്നു. പക്ഷേ, സ്വാശ്രയ കോളജുകൾ സ്ഥാപിക്കുന്നതിനെതിരേ കേരളത്തിൽ ചോര ചിന്തിയ സമരം നടത്തിയ മാർക്സിസ്റ്റ് പാർട്ടി സ്വയം അധികാരത്തിലെത്തിയപ്പോൾ അവ സ്ഥാപിക്കാൻ തീരുമാനിച്ചതുപോലെ, ഒരു കരണം മറിച്ചിലാണ് മഹാരാഷ്ട്രയിലും സംഭവിച്ചത്. എൻറോൺ കമ്പനിയുടെ ആൾക്കാർ ബി.ജെ.പി. – ശിവസേനാ നേതാക്കളെ 'വേണ്ടതുപോലെ' കണ്ടതോടെ പുതിയ ഗവൺമെന്റും രാത്രിക്കു രാത്രി നിലപാട് മാറ്റി എൻറോണിനു അനുകൂലമായി. ധാബോളിൽ എൻറോൺ നിലയത്തിന് രണ്ടാം ഘട്ടം പണിയാൻ അനുമതി നല്കിയത് ബി.ജെ.പി. – സേനാ സർക്കാരാണ്.

ശരദ് പവാർ കോൺഗ്രസ് വിട്ട് പുതിയ പാർട്ടി തുടങ്ങിയ പശ്ചാത്തലത്തിൽ എൻറോൺ വീണ്ടും വിവാദ വിഷയമാക്കാനാണ് കോൺഗ്രസ് ശ്രമിക്കുന്നത്. പവാറും ബി.ജെ.പിയും എൻറോണിൽ നിന്നും അനർഹമായ ആനുകൂല്യങ്ങൾ കൈപ്പറ്റിയാണ് അവർക്ക് കരാറുകൾ ഒപ്പിട്ടു നല്കിയതെന്നാണ് ആരോപണം. പവാർ കോൺഗ്രസിലായിരുന്നപ്പോൾ അതെന്തുകൊണ്ട് നിങ്ങൾ പറഞ്ഞില്ല എന്ന ചോദ്യത്തിന്, പക്ഷേ, മറുപടി പ്രതീക്ഷിക്കേണ്ട. എല്ലാ വയറ്റുപ്പിഴപ്പിന് എന്നു സമാധാനിക്കാം.